പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4722

22.03.2018 - ൽ മറുപടിക്ക്.

## വ്യവസായ മേഖലയ്ക്ക് ഉണർവ്

ചോദ്യം
ശ്രീ. എം. സ്വരാജ്

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്ന തരത്തിൽ എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി എന്ന് അറിയിക്കുമോ ;

(ബി) അവയുടെ വിശദാംശം അറിയിക്കുമോ ?

(എ) & (ബി) :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്നതിലേക്ക് ഇഡി ക്ലബ്ബ്, ഇൻകുബേഷൻ സെന്ററുകൾ, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐ.ഐ.റ്റി.എഫ്), മെഷീനറി എക്സ്പോ, വ്യവസായ പ്രദർശനം, കേരള ബിസിനസ് ടു ബിസിനസ് മീറ്റ്, ദേശീയ അന്തർദേശീയ പരിപാടികൾ, മലബാർ ക്രാഫ്റ്റ് മേള, കേരള അഗ്രോ ഫുഡ് പ്രോ, ആഷാ പദ്ധതി, വ്യവസായ സമുച്ചയ പദ്ധതി, ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ഹാൻറിക്രാഫ്റ്റ്സ് അവാർഡ്, കരകൗശല മേഖലയിൽ പ്രവർത്തിച്ച് വരുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ള സംരംഭകർക്ക് വാർദ്ധക്യകാല പെൻഷൻ, സംരംഭകത്വ സഹായ പദ്ധതി, പി.എം.ഇ.ജി.പി. സംരംഭകർക്കുള്ള ട്രെയിനിങ് പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വ്യവസായ വകുപ്പിന്റേതായ പൊതുമേഖലാ സ്ഥാപനങ്ങളെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈവിദ്ധ്യവത്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൻമൂലം സ്ഥാപനങ്ങൾക്ക് വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെ അതിജീവിക്കാൻ കഴിയുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 2016-17 വർഷം പൊതുമേഖലാ സ്ഥാപന നവീകരണ-വിപുലീകരണ പദ്ധതികൾക്കായി 123 കോടി രൂപ അനുവദിച്ചിരുന്നു. 2017-18-ൽ

283 കോടി രൂപ അധിക സഹായമുൾപ്പെടെ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി 297.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ ഏകോപനം, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിങ് ചെയ്യൽ എന്നീ നടപടികളിലൂടെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.